# നടപടിക്രമങ്ങൾ

## അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം

### (ഹാജർ: മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ)

എൻ.സി.സി വകുപ്പ് -ജീവനക്കാര്യം - വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.സി/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ ഉൾപ്പെടെ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത്- Cadre Strength നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു - സംബന്ധിച്ച്.

---

നമ്പർ :151/എ2-എസ്റ്റാ/2019/എൻ.സി.സി തിരുവനന്തപുരം തീയതി : 21 ഡിസംബർ 2020

---

സൂചന : (1) ജി.ഒ(പി) നമ്പർ 1/2014/ഉ.ഭ.പ.വ തീയതി 03.01.2014.

(2) ജി.ഒ (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014

(3) ജി.ഒ (പി) നമ്പർ 16/2015/ഉ.ഭ.പ.വ തീയതി 28.05.2015.

(4) ജി.ഒ(പി) നമ്പർ 19/2015/ഉ.ഭ.പ.വ തീയതി 20.06.2015.

(5) ഈ ഓഫീസിലെ 04 ആഗസ്റ്റ് 2015 തീയതിയിലെ 309/എ2-എസ്റ്റാ/2014/എൻ.സി.സി നമ്പർ ഉത്തരവ്.

(6) ഈ ഓഫീസിലെ 20.05.2019 തീയതിയിലെ 0151/എ2-എസ്റ്റാ/2019/എൻ.സി.സി നമ്പർ ഉത്തരവ്.

(7) ജി.ഒ (പി) നമ്പർ 4/2020/ഉ.ഭ.പ.വ തീയതി 22.01.2020.

(8) ഈ ഓഫീസിലെ 23.06.2020 തീയതിയിലെ 0151/എ2-എസ്റ്റാ/2019/എൻ.സി.സി നമ്പർ ഉത്തരവ്.

(9) ഈ ഓഫീസിലെ 22 സെപ്റ്റംബർ 2020 തീയതിയിലെ ഇതേ നമ്പർ കത്ത്.

(10) ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിന്റെ 10.12.2020 തീയതിയിലെ എ2/188/2020/ഉ.വി.വ നമ്പർ കത്ത്.

1. സൂചന (1)-ലെ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

2. സൂചന (2)-ലെ ഉത്തരവ് പ്രകാരം എല്ലാ നിയമനാധികാരികളും അതത് വകുപ്പിലെ ജില്ലാ തലത്തിലുള്ള എൽ.ഡി.സി/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ Cadre Strength നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ സൂചന (1)-ലെ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പാടുള്ളൂ എന്നും നിയമനങ്ങൾ ജില്ലാ തലത്തിൽ മാത്രമാണ് നടത്തേണ്ടത് എന്നും സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

..2/-

3. സൂചന (3)-ലെ ഉത്തരവനുസരിച്ച് തസ്തികമാറ്റ നിയമനത്തിന് ജില്ലാ/മേഖലാ തലത്തിൽ എൽ.ഡി ക്ളാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തികകൾ മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാന തലത്തിൽ എൽ.ഡി ക്ളാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ 10% നിയമനത്തിനായി മാറ്റി വയ്ക്കണമെന്നും ഉത്തരവായിരുന്നു. അപ്രകാരം സംസ്ഥാന തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് സൂചന (5) പ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുകയും ചെയ്തു. തുടർന്ന് സൂചന (6) പ്രകാരം പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് വീണ്ടും പ്രസിദ്ധീകരിക്കുകയും ആയതിൽ നിന്ന് നിയമനം നടത്തികൊണ്ടിരിക്കുകയും ചെയ്തു വരുന്നു.

4. സൂചന (7)-ലെ ഉത്തരവ് പ്രകാരം സൂചന (2)-ലെ ഉത്തരവിലെ ഖണ്ഡിക 2 (ii) പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ അടിസ്ഥാനത്തിൽ Cadre Strength നിജപ്പെടുത്തുകയും അപ്രകാരം ഈ വകുപ്പിന്റെ ജില്ല തിരിച്ചുള്ള മൊത്തം ക്ളാർക്കിന്റെയും ടൈപ്പിസ്റ്റിന്റെയും അനുവദിക്കപ്പെട്ട എണ്ണത്തിന്റെ 10% (fractions ഇല്ലാതെ) കണക്കാക്കി താത്ക്കാലിക ഉത്തരവ് സൂചന 8 പ്രകാരം പുറപ്പെടുവിക്കുകയും അതിൻ മേൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് ഈ ഓഫീസിൽ അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

5. ജില്ലാ അടിസ്ഥാനത്തിൽ Cadre Strength നിജപ്പെടുത്തുമ്പോൾ പത്തനംതിട്ട, ഇടുക്കി,പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ മതിയായ 10% പ്രാതിനിധ്യം ഇല്ലാത്തതിനാൽ ബൈട്രാൻസ്ഫർ നിയമനത്തിനായി എൽ.ഡി ക്ളാർക്ക് തസ്തികയിൽ ഒഴിവുകൾ മാറ്റി വയ്ക്കാൻ സാധിക്കാതെ വരുന്നതിനാൽ, മേൽ പറഞ്ഞ ജില്ലയിലെതാഴ്ന്ന വരുമാനം ഉള്ള ജീവനക്കാർക്ക് മറ്റു ജില്ലകളിലെ ഒഴിവുകൾക്കു വേണ്ടി നിയമനത്തിന് ഓപ്ഷൻ നൽകാൻ സാധിക്കുമോ എന്നതിൽ വ്യക്തത നൽകണമെന്നഭ്യർത്ഥിച്ചു കൊണ്ട് സൂചന (9) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

6. സൂചന (10) പ്രകാരം ഈ വകുപ്പിൽ സൂചന (1)ലെ ഉത്തരവ് നടപ്പിലാക്കുന്നതിന് സൂചന (2),(3),(4)-ലെ ഉത്തരവുകളിൽ വിശദമാക്കിയിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ അിറയിക്കുകയും ചെയ്തു. ആയത് സംബന്ധിച്ച് വിശദമായി വിഷയം പരിശോധിക്കുകയും സൂചന (2) ലെയും സൂചന (4) ലെ ഉത്തരവിന്റെ ഖണ്ഡിക 3(ii) (iii)-ലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി എൽ.ഡി ക്ളാർക്ക് തസ്തികയിലേക്ക് മേഖലാ അടിസ്ഥാനത്തിലും, പ്രസ്തുത മേഖലാടിസ്ഥാനത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയ്ക്ക് ആവശ്യമായ അംഗബലമില്ലാത്തതിനാൽ തസ്തികയിലേക്ക് സംസ്ഥാന തലത്തിലും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്താൻ കഴിയും. അങ്ങനെ പ്രാതിനിധ്യമില്ലാത്ത 05 ജില്ലകളിലെ ജീവനക്കാർക്ക് മേഖലാ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ മതിയായ പ്രാതിനിധ്യം ലഭിക്കുകയും ചെയ്യും.

8. മേൽ സാഹചര്യത്തിൽ എൽ.ഡി ക്ളാർക്ക് തസ്തികയിലേക്ക് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ അടിസ്ഥാനത്തിൽ Cadre Strength ചുവടെ കൊടുത്തിരിക്കുന്നു. (fractions ഇല്ലാതെ).

| ക്രമ നമ്പർ | ഗ്രൂപ്പ് | ക്ളാർക്കിന്റെ എണ്ണം | 10% തസ്തിക മാറ്റത്തിനായി മാറ്റി വയ്ക്കുന്ന വേക്കൻസികൾ . |
|---|---|---|---|
| 01. | തിരുവനന്തപുരം | 34 | 03 |
| 02 | കൊല്ലം | 34 | 03 |
| 03 | കോട്ടയം | 35 | 03 |
| 04 | എറണാകുളം | 34 | 03 |
| 05 | കോഴിക്കോട് | 37 | 04 |
| | ആകെ | **174** | **16** |

9. എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സംസ്ഥാന തല അടിസ്ഥാനത്തിൽ Cadre Strength ചുവടെ കൊടുത്തിരിക്കുന്നു.

| തസ്തിക | ടൈപ്പിസ്റ്റിന്റെ എണ്ണം | 10% തസ്തിക മാറ്റത്തിനായി മാറ്റി വയ്ക്കുന്ന വേക്കൻസികൾ |
|---|---|---|
| എൽ.ഡി ടൈപ്പിസ്റ്റ് | 23 | 02 |

10. മേൽ നിശ്ചയിച്ച പ്രകാരമുള്ള Cadre Strength -ന്റെ അടിസ്ഥാനത്തിൽ ഫീഡർ കാറ്റഗറികളുടെ സംയോജിത സീനിയോറിറ്റി തയ്യാറാക്കി ആയതിൽ നിന്നും തസ്തിക മാറ്റം അനുവദിക്കുന്നതായിരിക്കും.

ഒപ്പ്/-

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

1. എല്ലാ ഗ്രൂപ്പുകൾക്കും എല്ലാ യുണിറ്റുകൾക്കും
2. ഔദ്യോഗിക വെബ്സൈറ്റ്
3. എല്ലാ സെക്ഷനുകൾക്കും, ഐ.റ്റി, ഫയൽ

അംഗീകാരത്തോടെ

DIVYA SURESH